(3) ഭക്ഷ്യസബ്സിഡി നിലനിർത്തി റേഷൻ സമ്പ്രദായം തുടരണമെന്ന ആവശ്യം

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, "ഭക്ഷ്യ സബ്സിഡി പിൻവലിക്കുവാനും റേഷൻ സംവിധാനം പരിമിതപ്പെടുത്തുവാനും കേന്ദ്രസർക്കാർ സ്വീകരിച്ചുവരുന്ന നടപടിയുടെ ഭാഗമായി പൊതുവിതരണ കേന്ദ്രങ്ങൾ വഴി നൽകിക്കൊണ്ടിരിക്കുന്ന ഗുണനിലവാരം കുറഞ്ഞ അരിയുടെ വില ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് നാലു രൂപയിൽ നിന്നും ആറര രൂപയായും, ദാരിദ്ര്യ രേഖയ്ക്ക് മുകളിലുള്ളവർക്ക് ഒൻപതു രൂപ അറുപതു പൈസയിൽ നിന്നും പന്ത്രണ്ട് രൂപയായും ഉയർത്തുവാനുള്ള നിർദ്ദേശം പൊതുവിപണിയിൽ അരിയുടെ വില കുതിച്ചുയരുന്നതിനും സംസ്ഥാനത്ത് നിലവിലുള്ള റേഷൻ സമ്പ്രദായം തകരുന്നതിനും ഇടയാക്കുമെന്നതിനാൽ ഈ തീരുമാനം ഉപേക്ഷിക്കണമെന്നും ഭക്ഷ്യസബ്സിഡി നിലനിർത്തി നിലവിലുള്ള റേഷൻ സമ്പ്രദായം തുടരുവാനുള്ള നടപടി കൊക്കൊള്ളണമെന്നും ഈ സഭ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. രാജു : പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ ഏകകണ്ഠമായി അംഗീകരിച്ചു.

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000 മാർച്ച് 6-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചക്ക് ശേഷം 12.30-ന് പിരിഞ്ഞു).

അനുബന്ധം I

3.3.2000-ത്തിലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 8(*278) ദയവായി കാണുക

വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ വ്യവസായനയം പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്.

(1) ത്രസ്റ്റ് വിഭാഗത്തിൽപ്പെട്ട വ്യവസായങ്ങൾക്കുള്ള സബ്സിഡി റബറധിഷ്ഠിത വ്യവസായം, കാർഷികാനുബന്ധവ്യവസായം, ഫുഡ്പ്രോസസിംഗ്, വസ്ത്രനിർമ്മാണം വിനോദസഞ്ചാരം, ആയുർവേദമരുന്നുകൾ, മൈനിംഗ്, സമുദ്രോൽപ്പന്നങ്ങൾ, ലഘു എഞ്ചിനീയറിംഗ്, ബയോടെനോളജി, 100% കയറ്റുമതി ലക്ഷ്യമാക്കിയുള്ള ലഘു, ചെറുകിട, ഇടത്തരം വൻകിട വ്യവസായങ്ങൾക്ക് (പുതുതായി തുടങ്ങുന്നവയ്ക്കു മാത്രം) സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% അല്ലെങ്കിൽ 15 ലക്ഷം രൂപാ ഏതാണ് കുറവ് അത്രയും നൽകും.

ഇടുക്കി, വയനാട് തുടങ്ങിയ പിന്നോക്ക ജില്ലകളിൽ പുതുതായി ആരംഭിക്കുന്ന ത്രസ്റ്റ് (മുൻഗണനാ) വ്യവസായങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 25% അല്ലെങ്കിൽ 25 ലക്ഷം രൂപ ഏതാണോ കുറവ് അത്രയും നൽകും.

LIBRARY ARCHIVES Kerala Legislative Assembly